**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 224** **07-06-2021 - ൽ മറുപടിയ്ക്ക്**

**കോവിഡ് ചികിത്സ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ. പി. എ. മജീദ്** | | **Smt Veena George**<br>**(ആരോഗ്യവും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** | |
| (എ) | തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ കോവിഡ് ചികിത്സയ്ക്ക് അനുവദിച്ചതും ഏർപ്പെടുത്തിയതുമായ സൗകര്യങ്ങൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ ? | (എ) | കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിൽ ഏർപ്പെടുത്തിയ സൗകര്യങ്ങളുടെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു: കിടക്കകളുടെ വിവരം ആകെ കിടക്കകളുടെ എണ്ണം -157 കോവിഡ് രോഗികൾക്കായി നീക്കിവച്ച കിടക്ക -106 ഓക്സിജൻ പോയിന്റുള്ള കിടക്ക -68 ഓക്സിജൻ പോയിന്റ് ഇല്ലാത്ത കിടക്ക -20 ഒബ്സർവേഷൻ കിടക്കകളുടെ എണ്ണം -18 ഓക്സിജൻ സിലിണ്ടറുകളുടെ വിവരം ഡി ടൈപ്പ് ഓക്സിജൻ സിലിണ്ടർ-100 ബി ടൈപ്പ് ഓക്സിജൻ സിലിണ്ടർ -59 ഓക്സിജൻ പ്ലാന്റ് വിത്ത് സെൻട്രൽ സപ്ലൈ ഓക്സിജൻ കോൺസെന്റേറ്റർ -10 ഓക്സിജൻ ടാങ്ക് ദുരന്ത നിവാരണ അതോറിറ്റിയുടെ നിർദ്ദേശപ്രകാരം മഞ്ചേരി മെഡിക്കൽ കോളേജിൽ നിന്നും ഷിഫ്റ്റ് ചെയ്തിട്ടുണ്ട്. ആയത് പ്രവർത്തന സജ്ജമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും കെട്ടിടത്തിന്റെ മുകളിലെ നിലകളാണ് കോവിഡ് ചികിത്സയ്ക്കായി ഉപയോഗിക്കുന്നത്. ഈ കെട്ടിടത്തിലേയ്ക്ക് ആവശ്യമായ റാമ്പ് സൗകര്യം ഏർപ്പെടുത്തി. കോവിഡ് ബ്രിഗേഡിൽ ഉൾപ്പെടുത്തി കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി താല്ക്കാലികാടിസ്ഥാനത്തിൽ ഡോക്ടർ, സ്റ്റാഫ് നഴ്സ്-പാരാമെഡിക്കൽ സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ് എന്നീ തസ്തികകളിലായി 91 ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ